©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2022 സെപ്റ്റംബർ 20<br>20th September 2022<br>1198 കന്നി 4<br>4th Kanni 1198<br>1944 ഭാദ്രം 29<br>29th Bhadra 1944 | നമ്പർ<br>No. | 3203 |

ഫോറം നമ്പർ.10
(ചട്ടം 21(16) കാണുക)
പ്രഖ്യാപനം

നമ്പർ. കെ3-3111/18 2022 സെപ്റ്റംബർ 19

താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ച് 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) വകുപ്പ് 11 ൽ ഉപവകുപ്പ് 1 പ്രകാരമുള്ള വിജ്ഞാപനം 24.06.2021 -ാം തീയതിയിലെ 1853-ാം നം അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനാലും, വിജ്ഞാപന കാലാവധി 3 മാസത്തേയ്ക്ക് നീട്ടി കൊണ്ടുള്ള വകുപ്പ് 19 ൽ ഉപവകുപ്പ് 7 പ്രകാരമുള്ള വിജ്ഞാപനം 10.06.2022-ാം തീയതിയിലെ 1928-ാം നം അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനാലും ;

2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് വകുപ്പ് 15(1)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രകാരം താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിനായി പരിഗണിച്ച് പൊന്നുംവിലയ്ക്ക് ഏറ്റെടുക്കേണ്ടതാണെന്ന്, സ്ഥലമെടുപ്പ് ആഫീസർ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം സമുചിത സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ പ്രസ്തുത നിയമത്തിന്റെ വകുപ്പ് 19 പ്രകാരം താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും ഏകദേശം **0.1128** ഹെക്ടർ (പുറമ്പോക്ക് ഒഴികെ) അല്ലെങ്കിൽ അതിൽ അൽപം കൂടുതലോ കുറവോ വിസ്തീർണ്ണം വരുന്ന സ്ഥലം ഒരു പൊതു ആവശ്യത്തിന് അതായത് ഉൾനാടൻ ജലഗതാഗത വകുപ്പിനു വേണ്ടി ശാർക്കര വില്ലേജിൽ വടക്കേ അരയതുരുത്തിയിൽ ടി. എസ്. കനാലിനു കുറുകെ കോൺക്രീറ്റ് മേൽപ്പാല നിർമ്മാണത്തിന് ആവശ്യമുണ്ടെന്ന് ഇതിനാൽ പ്രഖ്യാപിക്കുകയും ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ, എൽ.എ.ജനറൽ, തിരുവനന്തപുരം എന്നയാളോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

സ്ഥലത്തിന്റെ ഒരു രൂപരേഖ സ്പെഷ്യൽ തഹസിൽദാർ, എൽ.എ.ജനറൽ, തിരുവനന്തപുരം-ന്റെ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതും ഓഫീസ് സമയത്ത് എപ്പോൾ വേണമെങ്കിലും അത് പരിശോധിക്കാവുന്നതുമാണ്.

## പട്ടിക I

## പൊന്നുംവില സ്ഥലത്തിന്റെ വിശദവിവരങ്ങൾ

**ജില്ല – തിരുവനന്തപുരം** **താലൂക്ക് –ചിറയിൻകീഴ്**

**വില്ലേജ് – ശാർക്കര** **ബ്ളോക്ക് – 12**

(ഏകദേശ വിസ്തീർണണമാണ് ചേർത്തിരിക്കുന്നത്)

| ക്രമ നമ്പർ | സർവ്വെ നമ്പർ | എൽ.എ സബ് ഡിവിഷൻ | വിവരണം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|---|
| 1 | 669/3 | 17 | പുരയിടം | 0.0029 |
| 2 | 669/6 | 18 | പുരയിടം | 0.0030 |
| 3 | 669/7 | 19 | പുരയിടം | 0.0005 |
| 4 | 669/8 | 21 | പുരയിടം | 0.0066 |
| 5 | 669/10 | 22 | പുരയിടം | 0.0095 |
| 6 | 670/7 | 27 | പുരയിടം | 0.0026 |
| 7 | 670/8 | 35 | പുരയിടം | 0.0019 |
| 8 | 670/9 | 29 | പുരയിടം | 0.0073 |
| 9 | 670/12 | 30 | പുരയിടം | 0.0047 |
| 10 | 670/13 | 32 | പുരയിടം | 0.0008 |
| 11 | 670/15 | 33 | പുരയിടം | 0.0013 |
| 12 | 670/17 | 31 | പുരയിടം | 0.0028 |
| 13 | 670/18 | 34 | പുരയിടം | 0.0033 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| 14 | 670/24 | 28 | പുരയിടം | 0.0045 |
| 15 | 670/25 | 25 | പുരയിടം | 0.0005 |
| 16 | 673/2 | 19 | പുരയിടം | 0.0027 |
| 17 | 673/3 | 23 | പുരയിടം | 0.0074 |
| 18 | 673/18 | 24 | പുരയിടം | 0.0014 |
| 19 | 677/4 | 12 | പുരയിടം | 0.0029 |
| 20 | 677/5 | 11 | പുരയിടം | 0.0006 |
| 21 | 677/5 | 13 | പുരയിടം | 0.0171 |
| 22 | 678/11 | 24 | പുരയിടം | 0.0078 |
| 23 | 678/16 | 25 | പുരയിടം | 0.0073 |
| 24 | 678/17 | 28 | പുരയിടം | 0.0067 |
| 25 | 678/17 | 30 | പുരയിടം | 0.0061 |
| 26 | 678/18 | 32 | പുരയിടം | 0.0006 |
| **ആകെ വിസ്തീർണ്ണം** | | | | **0.1128** |

**പട്ടിക II**

**പുന:സ്ഥാപനത്തിനുള്ള ഭൂമിയുടെ വിവരം**

**ബാധകമല്ല**

**പട്ടിക III**

**പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള പാക്കേജിന്റെ സംക്ഷിപ്തം**

പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള പാക്കേജ് ലാന്റ് റവന്യൂ കമ്മീഷണർ 17.05.2022 ലെ എൽ.ആർ.സി2. 3932/2022 നമ്പർ നടപടി ക്രമപ്രകാരം അംഗീകരിച്ചിട്ടുണ്ട്.പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള പാക്കേജിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്റ്റേറ്റ് പോളിസി യിലെ ക്രമ നം. | പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള ആനുകൂല്യങ്ങളുടെ ഘടക ങ്ങൾ | ഗുണ ഭോക്താക്കളു ടെ എണ്ണം | അനുവദനീയമായ തുക (Rs.) | ആകെ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 1 | കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് കെട്ടിട യൂണിറ്റിനുള്ള വ്യവസ്ഥ | 2 | 3,00,000/- | 6,00,000/- | കുടിയിറക്കപ്പെടുന്ന 1 കുടുംബത്തിന് സ്ഥലം കണ്ടെത്തി വീട് നിർമ്മിച്ച് നൽകുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ട് പരിഗണിച്ച് വീട് നിർമ്മാണത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തുക നൽകുന്നതിന് തീരുമാനിച്ച് കരട് പാക്കേജ് പ്രസിദ്ധപ്പെടുത്തിയിരുന്നതും ആയതിൽ ഗുണഭോക്താക്കളാരും തന്നെ ആക്ഷേപം ഉന്നയിച്ചിട്ടില്ലാത്തതുമാണ്. |
| 2 | 5 | കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്കുള്ള ഉപജീവന ബത്ത | 2 | 60,000/- | 1,20,000/- | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | |
|---|---|---|---|---|---|---|
| 3 | 6 | കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്കുള്ള ഗതാഗത ചെലവ് | 2 | 50,000/- | 1,00,000/- | |
| 4 | 10 | പുന:സ്ഥാപനത്തിനുള്ള ഒറ്റത്തവണ അലവൻസ് | 2 | 50,000/- | 1,00,000/- | |
| ആകെ | | | | | 9,20,000/- | |

(ഒപ്പ്)

ജില്ലാ കളക്ടർ
തിരുവനന്തപുരം

## വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ ശാർക്കര വില്ലേജിൽ വടക്കേ അരയതുരുത്തിയിൽ ടി. എസ്. കനാലിനു കുറുകെ കോൺക്രീറ്റ് മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് 2013–ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഏകദേശം 0.1128 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ഉൾനാടൻ ജലഗതാഗത വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ ചട്ടം 21(16) പ്രകാരം ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേതുണ്ട്.

ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ച ലക്ഷ്യം കൈവരിക്കുന്നതിലേക്കായി മാത്രം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.09.20 05:43:32 +05:30